I/383588/2023

ഭരണഭാഷ - മാതൃഭാഷ

**വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം**

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033

ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com

നം: DIC/3007/2021-EE2 തീയതി: 21-07-2023

**സർക്കുലർ**

വിഷയം:- വ്യവസായം - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയ ബന്ധിതമായി **SCORE** സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ. ഉ. (സാധാ) നം. 3113/2021/പൊ.ഭ.വ. തീയതി 18.08.2021

2) ഈ ഓഫീസിലെ 08.01.2020, 29.12.2021, 28.01.2022, 06.10.2022, 08.11.2022, 12.01.2023 തീയതികളിലെ സർക്കുലറുകൾ.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടുന്ന എല്ലാ ജീവനക്കാരും തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി **SCORE** സോഫ്റ്റ്‌വെയർ **(www.score.kerala.gov.in)** മുഖേന സമർപ്പിക്കണമെന്ന് നിർദേശിച്ചുള്ള നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടാത്തത് സ്ഥാനക്കയറ്റ നടപടികൾ വൈകാൻ കാരണമാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

2024 വർഷത്തെ പ്രതീക്ഷിത ഒഴിവുകളിലേക്ക് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അടിയന്തിരമായി ലഭ്യമാകേണ്ടതുണ്ട്. ആയതിനാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടുന്ന എല്ലാ ജീവനക്കാരും തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അടിയന്തിരമായി **SCORE** സോഫ്റ്റ്‌വെയർ **(www.score.kerala.gov.in)** മുഖേന സമർപ്പിക്കേണ്ടതാണ്.

യഥാസമയം ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മൂല്യ നിർണ്ണയം ചെയ്തു റിവ്യൂ ഓഫീസറിനു സമർപ്പിക്കാതെ ചില റിപ്പോർട്ടിങ് ഉദ്യോഗസ്ഥർ അകാരണമായി വൈകിപ്പിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതു റിപ്പോർട്ടിങ് ഓഫീസർ മാരുടെ വീഴ്ചയായി കണ്ടു തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്ന ഉദ്യോഗസ്ഥരുടെ പരിഗണന കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ലെങ്കിൽ ടി ജീവനക്കാരെ DPC ക്കുള്ള

പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതല്ല. ഈ വിഷയത്തിൽ ഇനി മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

എല്ലാ ഓഫീസ് മേധാവികളും തങ്ങളുടെ ഓഫീസിലെ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും, സബ് ഓഫീസുകൾക്കും ഈ സർക്കുലറിന്റെ പകർപ്പ് നൽകി കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതും, ജീവനക്കാർ കണ്ടു ബോധ്യപ്പെട്ടതിന്റെ വിവരം സാക്ഷ്യപ്പെടുത്തി ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

S. HARIKISHORE I A S
DIRECTOR

സ്വീകർത്താവ് :

1) ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2) ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, തിരുവനന്തപുരം
3) ജനറൽ മനേജർ (എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളും )
4) ഡെപ്യൂട്ടി ഡയറക്ടർ സി.എഫ്.എസ്.സി ചങ്ങനാശേരി
5) അസ്സിസ്റ്റന്റ് ഡയറക്ടർ, സി.എഫ്.എസ്.സി മഞ്ചേരി
6) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട എല്ലാ ജീവനക്കാർ.
7) ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി. സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)